മലിനജലം, ചെളി—ഇതെല്ലാം പി.ഡബ്ലിയു.ഡി. റോഡിലേക്ക് ഒഴുക്കിവിടുകയാണ്. അവിടെയുള്ള മെയിൻ റോഡാണ് ഇത്. ഇതുമൂലം ഏതാണ്ട് അമ്പത് വീടുകളും വളരെ ബുദ്ധിമുട്ടിലാണ് ഏതാനും വീട്ടുകാർ അവിടെനിന്നും ഒഴിഞ്ഞുപോയി. അവിടത്തെ കിണറുകളിലെ വെള്ളംപോലും ഉപയോഗിക്കാൻ സാധിക്കാത്തരീതിയിലായിരിക്കുന്നു. ഞാൻ ആ റോഡിൽ കൂടി സാധാരണ പോകാറുണ്ടെങ്കിലും ഒരു മാസംമുമ്പ് അവിടെയുള്ള ജനങ്ങളുടെ ആവശ്യപ്രകാരം അവിടെയിറങ്ങി ഞാൻ ഇതെല്ലാം നോക്കിക്കണ്ടതാണ്. ഈ അവസ്ഥയെക്കുറിച്ച് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും എഴുതി. എല്ലാ ഉദ്യോഗസ്ഥൻമാരുടെയ്കെയിൽനിന്നും മറുപടി കിട്ടി. ഇതിനെപ്പറ്റി പരിശോധിച്ച് വേണ്ടത് ചെയ്യാമെന്ന്. എന്നാൽ ഇന്നുവരെ അവിടെയാതൊരു നടപടിയും എടുത്തിട്ടില്ല. അതിൽ വളരെ ബുദ്ധിമുട്ടുണ്ട്. അവിടെ താമസിക്കുന്നവർക്ക് ഇത് വളരെ പ്രയാസങ്ങളും ഉണ്ടാക്കുന്നുണ്ട്. മലിനജലം പി.ഡബ്ലിയു.ഡി. റോഡിലേക്ക് വരാതിരിക്കാൻ വേണ്ട ഫിൽറ്റ്പ്പാടുകളും ചെയ്യേണ്ടത് സ്വകാര്യ സ്ഥാപനങ്ങളുടെ ബാദ്ധ്യതയാണ്. അത് നിറവേറ്റുവാനായി ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, വില്യാപ്പള്ളിയിലുള്ള സ്വകാര്യ ആശുപത്രിയിൽനിന്നു പോകുന്ന വെള്ളം അവിടത്തെ കിണറുകളിലെ വെള്ളത്തെ കേടു വരുത്തുന്നതായിട്ട് പരാതി ഉണ്ടായിട്ടുണ്ട്. ആഗസ്റ്റ്മാസം 14–ാം തീയതിയാണ് ആദ്യമായി എനിക്ക് ഇതിനെ സംബന്ധിച്ച് പരാതി കിട്ടിയത്. ശ്രീ. ചന്ദ്രശേഖരന്റെ ഒരു ലറ്ററുണ്ടായിരുന്നു. ആ ലറ്റർ കിട്ടിയതിനുശേഷം ഡയറക്ടറോട് പോയി അന്വേഷിക്കാൻ പറഞ്ഞു. ഡയറക്ടറുടെ അന്വേഷണത്തിൽ വെള്ളത്തിന് കേടു വരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. അതിനാവശ്യമായ ശുദ്ധീകരണം ഉടനെയുള്ള നടപടികളും സ്വീകരിക്കാൻ വേണ്ടി ഡിസ്ട്രിക്ട് മെഡിക്കൽ ആഫീസർക്ക് ഡയറക്ഷൻ കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. അതിനെ സംബന്ധിച്ച് അവിടെ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഏതായാലും ശരി ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(20) തേവര, തോപ്പുംപടി പാലങ്ങൾക്കു സമാന്തരമായി പുതിയ പാലങ്ങൾ പണിയേണ്ടതിന്റെ ആവശ്യകത

(ശ്രീ. കെ.എം. ഹംസക്കുഞ്ഞ്: സർ, തോപ്പുംപടി, തേവര പാലങ്ങളെ സംബന്ധിച്ചും അവിടെയുള്ള ഗതാഗതത്തിനുള്ള പ്രയാസങ്ങളെ സംബന്ധിച്ചും ഈ സഭയിൽ പല സന്ദർഭങ്ങളിലും സൂചിപ്പിച്ചിട്ടുള്ളതാണ്. ഒരിക്കൽകൂടി അവിടെയുള്ള പ്രയാസങ്ങളെ ബഹുമാനപ്പെട്ട സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു തുറമുഖ പട്ടണമെന്ന നിലയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കേരളത്തിലെ ഒരു പട്ടണമാണ് ഇത്. ഇന്ന് ഗതാഗതത്തിന്റെ കാര്യത്തിൽ ഇവിടെയിരിക്കുന്ന പലർക്കും അനുഭവപ്പെട്ടിട്ടുള്ള രണ്ടു പാലങ്ങളാണ് തോപ്പുംപടി പാലവും തേവര പാലവും. മറ്റുള്ള പട്ടണങ്ങളിലെ പ്രയാസങ്ങളെക്കാളും

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും കൂടുതൽ മണിക്കൂറുകളോളം വാഹനങ്ങൾ കാത്തു കിടക്കേണ്ട രണ്ടു സ്ഥലങ്ങളാണ് ഇവ. അതിൽ കൊച്ചിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ബൈപാസ്സിനോട് അനുബന്ധിച്ച് ലിങ്ക് റോഡിന്റെ പണി ആരംഭിക്കുകയും അ ലിങ്ക് റോഡിനു തേവര പാലത്തിനു സമാന്തരമായി പുതിയ പാലം പണിയുന്നതിനുള്ള നടപടികളും ആരംഭിച്ചതിൽ വളരെയധികം സന്തോഷിക്കുകയാണ്. ആ പ്രശ്നംകൊണ്ടുമാത്രം ആ പട്ടണത്തിലെ ഗതാഗതത്തിനുള്ള പ്രയാസങ്ങളും 50 ശതമാനം വരെ പരിഹരിക്കുമെങ്കിലും തോപ്പുംപടി പാലത്തിനുകൂടി സമാന്തരമായി ഒരു പാലം പണിതാൽ മാത്രമേ ആ തുറമുഖ പട്ടണത്തെ ഈ പ്രശ്നങ്ങളിൽ നിന്നും ഒഴിവാക്കാൻ സാധിക്കുകയുള്ളു. ഞാൻ മറ്റു പ്രശ്നങ്ങളിലേക്കൊന്നും കടക്കുന്നില്ല. എങ്കിലും കേരളത്തിന്റെ തലസ്ഥാനമാകേണ്ടിയിരുന്ന ഒരു പട്ടണമെന്ന നിലയിൽ, ഇനി ആകാൻ സാദ്ധ്യതയുള്ള ഒരു പട്ടണമെന്ന നിലയിൽ, ഈ കാര്യം വളരെ ഗൗരവത്തിൽ എടുക്കണമെന്ന് ഞാൻ സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഡെപ്യൂട്ടി സ്പീക്കർ ഇവിടെ ഉന്നയിച്ച കാര്യം ഇതിനുമുമ്പ് ഒന്നു രണ്ടു ദിവസം ഉന്നയിക്കാൻവെച്ചിരുന്നതാണ്. ആദ്യം ഒരു ദിവസം വെച്ചു. അപ്പോഴും റെയ്സ് ചെയ്തില്ല. പിന്നെ മറ്റൊരു ദിവസം വെച്ചു. അന്നും റെയ്സ് ചെയ്തില്ല. അന്നെല്ലാം ഞാൻ പ്രിപ്പയേറായി വന്നിരുന്നു. ഇന്ന് റെയ്സ് ചെയ്തപ്പോഴും ഞാൻ തയ്യാറായിട്ടുമില്ല. അതുകൊണ്ട് 26–ാം തീയതി മറുപടി പറയുന്നതാണ്.

ശ്രീ. കെ.എം. ഹംസക്കുഞ്ഞ്: കഴിഞ്ഞ ദിവസം തയ്യാറായി വന്നതാണെങ്കിൽ അതിനു മറുപടി പറയാതെ 26–ാം തീയതി വയ്ക്കേണ്ട കാര്യമില്ല. ഏറ്റവും പ്രാധാന്യമർഹിക്കുന്ന, കൊച്ചിയെ സംബന്ധിച്ചിടത്തോളം ആ പാലത്തിന് എന്തെങ്കിലും തകരാറ് സംഭവിച്ചാൽ ആ തുറമുഖപട്ടണവുമായുള്ള ബന്ധം തീർന്നു പോകുന്ന കാര്യമാണ്. അതുകൊണ്ട് ഇത് വളരെ ഗൗരവത്തിലെടുക്കണം.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഗൗരവമായതുകൊണ്ടാണ് ഫയലില്ലാതെ മറുപടി പറയാത്തത്. ചെറിയ കാര്യമാണെങ്കിൽ ഫയലൊന്നും വേണ്ട. ഇതിനെ സംബന്ധിച്ച ഫയലുണ്ട്, രണ്ടു ദിവസം ഞാൻ ഫയലുമായി വന്നിരുന്നു.

IV. അരമണിക്കൂർ ചർച്ച റൂൾ (49)

സ്കൂൾ—ആരാധനാലയങ്ങൾക്കു സമീപം മദ്യഷാപ്പുകൾ നടത്തുന്നതു തടയണമെന്ന ആവശ്യം

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. റൂൾ 49 അനുസരിച്ച്, when a notice is given under Rule 49, the mover should specify the point or points which he wants to specify ഇതാണ് ചട്ടം. ഇന്നലെ രാത്രി 9 മണിക്കാണ് എനിക്ക് നോട്ടീസ് കിട്ടുന്നത്. അതിൽ പറഞ്ഞിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly